(ഇ) മലങ്കര പദ്ധതിയുടെ കനാലുകൾ കൂത്താട്ടുകുളം ഭാഗത്തും മറ്റ് സ്ഥലങ്ങളിലും ഉപരിതല റോഡുകൾ ടാർ ചെയ്തിട്ടും കനാലുകളുടെ തുടക്കസ്ഥലങ്ങളിലെ 'വലതുകര കനാലിന്റെയും ഇടതുകര കനാലിന്റെയും' ഇരു സൈഡുകളും ടെണ്ടർ ചെയ്യാത്തതിനെക്കുറിച്ച് അന്വേഷിച്ച് അടിയന്തിരമായി ടാർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) മലങ്കര പദ്ധതിയുടെ എത്രമാത്രം വർക്കുകൾ ഇനിയും തൊടുപുഴ മേഖലയിൽ പണി തീരാൻ ഉണ്ടെന്നും എന്ന് പണി പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 23-6-1999-ൽ ആണ് ടെണ്ടർ ചെയ്തത്.

(ബി) ശ്രീ. പി. സെയ്ത് മുഹമ്മദ് റാവുത്തർ, മുളയ്ക്കൽ വീട്, മൂവാറ്റുപുഴ എന്ന ആളാണ് കരാർ ഏറ്റെടുത്തിരുന്നത്.

(സി) റിസ്ക് ആന്റ് കോസ്റ്റിൽ 4-6-2003-ൽ ടെർമിനേറ്റ് ചെയ്തതിനുശേഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.വി.ഐ.പി. ഡിവിഷൻ നം-1, തൊടുപുഴ ടെണ്ടർ വിളിക്കുകയും 2003 ആഗസ്റ്റ് 13-ന് ടെണ്ടർ തീയതി നിശ്ചയിക്കുകയും ചെയ്തിരിക്കുകയാണ്.

(ഡി) 2004 മാർച്ച് 31-ന് മുമ്പ് പണി തീർക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഇടതുകര കനാലിന്റെയും വലതുകര കനാലിന്റെയും തുടക്കത്തിലുള്ള റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പണി ടെണ്ടർ ചെയ്യുകയും പണികൾ പുരോഗമിച്ചു വരുകയുമാണ്. ബാക്കിയുള്ള പണികൾ ഈ വർഷത്തെ (2003-04) ആക്ഷൻ പ്ലാനിൽപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടെണ്ടർ ചെയ്തു നടപ്പിലാക്കാവുന്നതാണ്.

(എഫ്) വലതുകര കനാലിന്റെ ചെയിനേജ് 11.00 കി.മീ. മുതൽ 12.00 കി.മീ. വരെയും 12.00 കി.മീ. മുതൽ 13.00 കി.മീ. വരെയുമുള്ള പണികൾ അവസാനഘട്ടത്തിലാണ്. ഈ പണികൾ 2004 മാർച്ച് 31-ന് മുമ്പായി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

വല്ല്യമടക്കുഴി ജലസേചന പദ്ധതി

54 (2332) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കവണാറ്റിൻകര, വിരുപ്പുകാലാചീപ്പുങ്കൽ, കരിമഠം തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള വല്യമടക്കുഴി ജലസേചനപദ്ധതിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വെള്ളത്തിന്റെ സാമ്പിൾ പരിശോധനയിൽ രോഗകാരണമായ ഘടകങ്ങൾ കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവിടെ വെള്ളം സ്റ്റോറു ചെയ്യുന്നതിനും ഫിൽട്ടർ ചെയ്യുന്നതിനും മതിയായ സംവിധാനമില്ലാത്തകാര്യം പരിശോധിക്കുമോ ;

(ഡി) പ്രസ്തുത ജലാശയത്തിന്റെ നാലുവശവും മതിൽകെട്ടി സംരക്ഷിക്കുന്നതിനും പുതിയ സ്റ്റോറേജ് ഫിൽട്ടർ ടാങ്കുകൾ നിർമ്മിച്ച് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമയാസമയങ്ങളിൽ കുളവും പരിസരവും വൃത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) പരിശോധിച്ച് നടപടി എടുക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(ഡി) 5½ ഏക്കർ വിസ്തീർണ്ണമുള്ള ജലസ്രോതസ്സിനുചുറ്റും മതിൽ കെട്ടുന്നതിനും പുതിയ സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുന്നതിനും ഭീമമായ തുക കണ്ടെത്തേണ്ടതുണ്ട്. മാത്രമല്ല, മതിൽ കെട്ടുന്നത് പ്രായോഗികവുമല്ല. വെള്ളം ശുദ്ധീകരിക്കുന്നതിനുവേണ്ടി ഒരു പ്രഷർഫിൽട്ടർ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പത്തനംതിട്ട ജില്ലയിലെ ജലസേചന പദ്ധതികൾ

55 (2333) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ പ്രമാടം വാട്ടർ സപ്ലൈസ്കീം, മാളപ്പാറ വാട്ടർ സപ്ലൈ സ്കീം, കൂടൽ-ഏനാദി മംഗലം വാട്ടർ സപ്ലൈ സ്കീം എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചമുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ പൂർത്തിയായോ ; എങ്കിൽ ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുക എന്തു വീതമെന്ന് വിശദീകരിക്കാമോ ; നടപടികൾ പൂർത്തിയായില്ലെങ്കിൽ ഇതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താനുള്ള നിർദ്ദേശം നൽകുമോ ;

(ബി) ഈ മൂന്നു പദ്ധതികളും ഈ സാമ്പത്തികവർഷം തന്നെ ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ പ്രമാടം വാട്ടർ സപ്ലൈ സ്കീമിന് 222 ലക്ഷം രൂപയുടെയും മാളാപ്പാറ വാട്ടർ സപ്ലൈ സ്കീമിന് 10 ലക്ഷം രൂപയുടെയും കൂടൽ-ഏനാദിമംഗലം വാട്ടർ സപ്ലൈ സ്കീമിന് 147.5 ലക്ഷം രൂപയുടെയും ഭരണാനുമതി 21-11-2002-ൽ പി.എം.ജി.വൈ. പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. ഇതിൽ പ്രമാടം-മാളപ്പാറ പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി സർവ്വേ ജോലികൾ മേയ് 2003-ൽ പൂർത്തിയാക്കി. സാങ്കേതികാനുമതിക്കു

LIBRARY ARCHIVES-Kerala Legislative Assembly